# COCHIN DEVASWOM BOARD
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org.


No. R1.1015/2015 Dated: 30/01/2025

## പരസ്യം (Website)

തൃശ്ശൂർ വടക്കേസ്റ്റാൻഡിനു സമീപം കരുണാകരൻ നമ്പ്യാർ റോഡും, പാലിയം റോഡും കൂടി ചേരുന്ന വടക്കേച്ചിറയുടെ സമീപമുള്ള കൊച്ചിൻ ദേവസ്വം ബോർഡ് ജംഗ്ഷനിലെ ട്രാഫിക്ക് ഐലൻഡിൽ **01/03/2025** മുതൽ **29/02/2028** കൂടി **3** വർഷക്കാലത്തേക്ക് പരസ്യം നടത്തുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനത്തിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടറുകൾ **10/02/2025 3 പി.എം.** ന് മുൻപായി തൃശ്ശൂർ റൗണ്ട് നോർത്തിൽ സ്ഥിതി ചെയ്യുന്ന കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ ലഭിക്കേണ്ടതാണ്. ലഭിച്ച ടെണ്ടറുകൾ അന്നേ ദിവസം **3.30 പി.എം.** ന് ഹാജരുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ടെണ്ടർ സഹിതം Quote ചെയ്യുന്ന സംഖ്യയുടെ 2.5% കക്ക് കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യം ആയി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം ഇല്ലാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ നിരസിക്കുന്നതാണ്.

1. ടെണ്ടർ ലഭിക്കുന്ന കരാറുകാർ പരസ്യപ്രദർശനത്തിന് ആവശ്യമായ പെർമിറ്റ് ലൈസൻസ്, ഇൻഷൂറൻസ്, മറ്റു അനുബന്ധ രേഖകൾ എന്നിവ അവരവരുടെ സ്വന്തം ചെലവിൽ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

2. പരസ്യ ബോർഡുകളിൽ സഭ്യമല്ലാത്തതായ പരസ്യങ്ങൾ പ്രദർശിപ്പിക്കാൻ പാടുള്ളതല്ല.

3. ടെണ്ടർ എടുക്കുന്ന വ്യക്തികളും/സ്ഥാപനങ്ങളും ആധാർ കാർഡ്, രജിസ്ട്രേഷൻ നമ്പർ, ജി.എസ്.ടി നമ്പർ, പാൻനമ്പർ എന്നിവ ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ ടെണ്ടർ സഹിതം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

4. പരസ്യബോർഡുകൾ നിയമപ്രകാരമുള്ള അളവുകളിലും, ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഉള്ള ഉത്പന്നങ്ങൾ ഉപയോഗിച്ചും മാത്രമേ സ്ഥാപിക്കാൻ അനുവദിക്കുകയുള്ളൂ.

5. ടെണ്ടറുകൾ കൊച്ചിൻ ദേവസ്വം ബോർഡിന് ഗുണകരമല്ലെന്ന് കണ്ടാൽ ക്യാൻസൽ ചെയ്യുന്നതിനും നിറുത്തിവെക്കുന്നതിനും താഴെ ഒപ്പിടുന്ന ആൾക്ക് പരിപൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

6. കരാറുകാർ ക്വാട്ട് ചെയ്യുന്ന സംഖ്യക്ക് നിയമപ്രകാരമുള്ള ജി.എസ്.ടിയും അനുബന്ധ നികുതികൾ ഈടാക്കേണ്ട സാഹചര്യം വരുന്നപക്ഷം ആയതും അടക്കേണ്ടതാണ്.

7. ടെണ്ടർ ലഭിക്കുന്ന വ്യക്തികൾ ബോർഡ് നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് വക്കേണ്ടതാണ്.

8. പരസ്യ നികുതിയിനത്തിൽ അടക്കേണ്ട സംഖ്യകൾ ടെണ്ടർ കൊണ്ട വ്യക്തി തൃശ്ശൂർ കോർപ്പറേഷനിൽ ഒടുക്കി രശീതി കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

9. ടെണ്ടർ കൊണ്ട വ്യക്തി ടെണ്ടർ കാലാവധിയായ 01/03/2025 മുതൽ 29/02/2028 വരെ പ്രസ്തുത സ്ഥലത്തിന്റെ പരിപാലനം സ്വന്തം ചെലവിൽ നടത്തേണ്ടതാണ്. പ്രസ്തുത സ്ഥലത്തുള്ള വൈദ്യുതി കണക്ഷനിൽ വരുന്ന ബിൽ ടെണ്ടർ കൊണ്ട വ്യക്തി തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിൽ അടവാക്കേണ്ടതാണ്.

10. ടെണ്ടർ തുകയുടെ 50% സംഖ്യയും, ജി.എസ്.ടി യും, നിയമാനുസൃത നികുതികളും ടെണ്ടർ കൊണ്ട വ്യക്തി ടെണ്ടർ ഉറപ്പിച്ച് ഉത്തരവ് ലഭിക്കുന്ന മുറക്ക് ഉടൻ കൊച്ചിൻ ദേവസ്വം ബോർഡിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതും, ബാക്കി 50% സംഖ്യയിലെ 25% 31/03/2026 ന് അകവും, ബാക്കി 25% 31/03/2027 ന് അകവും ജി.എസ്.ടി സഹിതം അടച്ച് തീർക്കേണ്ടതാണ്. ഗഡു മുടക്കം വരുത്തിയാൽ അടക്കുന്ന തീയ്യതി വരെ പ്രതിദിനം 12% പലിശ ഈടാക്കുന്നതാണ്.

11. പ്രസ്തുത ഗഡു 3 മാസത്തിൽ കൂടുതൽ സമയം മുടക്കം വരുത്തുന്ന പക്ഷം ടെണ്ടർ ക്യാൻസൽ ചെയ്യുന്നതിനും, ടെണ്ടർ കൊണ്ട വ്യക്തിയുടെ നഷ്ടോത്തരവാദിത്ത്വത്തിൽ റീ ടെണ്ടർ നടത്തുന്നതുമാണ്.

12. മേൽ കാണിച്ച നിശ്ചിത തിയ്യതിക്കകം തുക അടക്കാത്തപക്ഷം തുക റവന്യു റിക്കവറി വഴി പിരിച്ചെടുക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

13. ടി സ്ഥലത്ത് വരുത്തുന്ന മോഡിഫിക്കേഷനുകൾ കൊച്ചിൻ ദേവസ്വം ബോർഡിന്റെ അനുമതിയോടെയും, മേൽനോട്ടത്തിലും മാത്രമേ നടത്താൻ പാടുള്ളൂ.

14. പ്രസ്തുത സ്ഥലത്തിന് പരസ്യകാലാവധിയിൽ 3-ാം പാർട്ടിക്ക് അടക്കം പരിരക്ഷ ലഭിക്കുന്ന രീതിയിൽ ടെണ്ടർ കൊണ്ട വ്യക്തി ഇൻഷുറൻസ് എടുക്കേണ്ടതാണ്.

(ഒപ്പ്)
സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്